എൽ.എഫ്.കെ.കെ.ഡി.പി7-914//2013

ലോക്കൽ ഫ ് ഓഡിറ്റ് സീനിയർ
ഡപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
ജില്ലാ ഓഫീസ്, കോഴിക്കോട്
തീയതി: 18.10.2013

## കോഴിക്കോട് ജില്ലയിലെ കോഴിക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2011-12 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്. (1994 ലെ കേരളാ പഞ്ചായത്ത്രാജ് നിയമം 215 (4) ാം വകുപ്പ് 1994 ലെ കേരളാ ലോക്കൽ ഫ ് ഓഡിറ്റ് നിയമം 13- ാം വകുപ്പ്, 1996 ലെ കേരളാ ലോക്കൽ ഫ ് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും : ശ്രീ. ജോസഫ് മാത്യു
സീനിയർ ഡപ്യൂട്ടി ഡയറക്ടർ,
ലോക്കൽ ഫ ് ഓഡിറ്റ്.

### ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

കോഴിക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2011-12 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയു ായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതിവിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതിവിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പു കളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയു ായി.

കോഴിക്കോട് ബ്ളോക്ക് പഞ്ചായത്തിന്റെ 9.4.2012 മുതൽ 17.6.2013 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗ ുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

### ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 18.6.2013 മുതൽ 28.6.2013 വരെ | ശ്രീ. ഷിറാസുൾ ഹക്ക്, ഓഡിറ്റ് ഓഫീസർ<br>ശ്രീ. ദിനേശൻ.എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. ജിഷ സാമുവൽ, ഓഡിറ്റർ |

### നിർവ്വഹണാധികാരികൾ

പ്രസിഡന്റ് : ശ്രീമതി. റീന മു ങ്ങാട്ട് - 1.4.2011 മുതൽ 31.3.2012 വരെ

സെക്രട്ടറി :
1. ശ്രീ. അനിൽ.കെ.ജി. : 1.4.2011 മുതൽ 31.5.2011 വരെ
2. ശ്രീ. വാസുദേവൻനായർ.എൻ. (ജോ.ബി.ഡി.ഒ) ഇൻചാർജ്ജ് : 1.6.2011 മുതൽ 12.6.2011 വരെ
3. ശ്രീ. രാധാകൃഷ്ണൻ.പി. : 13.6.2011 മുതൽ 15.10.2011 വരെ
4. ശ്രീ. വാസുദേവൻനായർ.എൻ. (ജോ.ബി.ഡി.ഒ) ഇൻചാർജ്ജ് : 16.10.2011 മുതൽ 31.1.2012 വരെ
5. ശ്രീമതി. സൗമ്യ ഗോപാലകൃഷ്ണൻ : 1.2.2012 മുതൽ 31.3.2012 വരെ

### റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.

Local Fund Audit Department

**ഭാഗം 1 : പൊതു അവലോകനം**

ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

**ഭാഗം 2 : വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

രശീത് പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും ക ത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ, ഓഡിറ്റ് ശുപാർശകൾ.

**ഭാഗം 3 : ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

പഞ്ചായത്തിന്റെ ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റിൽ ക ത്തിയ ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ, ഓഡിറ്റ് ശുപാർശകൾ.

**ഭാഗം 4 : ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും**

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

## ഭാഗം 1 പൊതു അവലോകനം

### 1-1) ബജറ്റ്:

സ്ഥാപനത്തിന്റെ 2011-12 വർഷത്തെ ബജറ്റ് താഴെ പറയും പ്രകാരം പാസ്സാക്കിയിട്ടു ്.

| വർഷം | 2011-12 | അഭിപ്രായം |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി | 1.3.2011 | |
| പുതുക്കിയ ബജറ്റ് തീയതി | ഇല്ല | |
| തീരുമാനം നമ്പർ/തീയതി | 1/1.3.2011 | |
| പ്രതീക്ഷിത വരവ് | 9,30,50,000 | മുൻബാക്കി ഉൾപ്പെടെ |
| പ്രതീക്ഷിത ചെലവ് | 9,22,55,000 | |

### 1-2) വാർഷിക കണക്കുകളുടെ സമർപ്പണം :

1994 ലെ കേരള ലോക്കൽ ഫ ് ഓഡിറ്റ് ആക്ട് സെക്ഷൻ 9(1) പ്രകാരം സാമ്പത്തിക വർഷത്തെ വാർഷികകണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | ഓഡിറ്റിന് നൽകിയ തീയതി | അഭിപ്രായം |
|---|---|---|
| 2011-12 | 2.07.2012 | സമയബന്ധിതമായി സമർപ്പിച്ചിട്ടു ് |

വാർഷിക കണക്ക് പ്രകാരം വരവ് ചെലവ് തുകകൾ താഴെ പറയുന്നു.

| വർഷം | 2011-12 |
|---|---|
| വരവ് | 9,73,59,402 |
| ചെലവ് | 8,02,78,021 |

Local Fund Audit Department

## 1-3) രജിസ്റ്ററുകളുടെ സൂക്ഷിപ്പ്:

ബ്ളോക്ക് പഞ്ചായത്തിൽ 2011-12 മുതൽ സാംഖ്യ സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് വരവ് ചെലവ് കണക്കുകൾ സൂക്ഷിച്ചുപോരുന്നത്. എന്നാൽ ഈ സമ്പ്രദായത്തിൽ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേ ഡേ ബുക്ക്, വിവിധ ബാങ്ക്/ട്രഷറി അക്കൗ ുകളുടെ ബാങ്ക് ബുക്കുകൾ തുടങ്ങിയവയൊന്നും സൂക്ഷിച്ചിട്ടില്ല.

## 1-4) പദ്ധതി അവലോകനം:

2011-12 വാർഷം ആകെ 47 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചു. ഇതിൽ 34 പ്രോജക്ടുകൾ പൂർണ്ണമായും 7 പ്രോജക്ടുകൾ ഭാഗികമായും നിർവഹിക്കുകയു ായി. 6 പ്രോജക്ടുകൾക്ക് തുകയൊന്നും ചെലവഴിച്ചിട്ടില്ല. നിർവഹിക്കാത്ത 6 പ്രോജക്ടുകളിൽ 77,000 രൂപ അടങ്കലുള്ള ഗേൾസ് ഫ്ര ്ലി ടോയ്‌ലറ്റ് പ്രോജക്ടും, 11,30,000 രൂപ അടങ്കലുള്ള ബയോഗ്യാസ് പ്ലാന്റ് നിർമ്മാണ പ്രോജക്ടും ഉൾപ്പെടുന്നു. തൻവർഷം ബ്ലോക്ക് പഞ്ചായത്തിനു ലഭിച്ച വിവിധ ഫ ിനങ്ങൾ പരിശോധിച്ചതിൽ വികസനഫ ിന്റെ V, VI ഗഡുക്കളും, സംരക്ഷണഗ്രാന്റിന്റെ 10-ാം ഗഡുവും പഞ്ചായത്തിന് ലഭിച്ചിട്ടില്ല എന്ന് കാണുകയു ായി. വിശദവിവരം ഖ. 3-3 ആയി ഉൾപ്പെടുത്തിയിരിക്കുന്നു. തൻവർഷം ലഭ്യമായ പദ്ധതിവിഹിതം ചെലവഴിച്ചതിന്റെ വിശദാംശം താഴെ പറയും പ്രകാരമാണ്.

| (എ) പ്ലാൻഫ ് | | | | |
|---|---|---|---|---|
| | | വകയിരുത്തിയത് | ചെലവ് | ശതമാനം |
| | എസ്.സി. | 1,00,49,561 | 1,00,49,561 | 100% |
| | ജനറൽ | 84,09,400 | 75,45,400 | 89.72% |
| (ബി) എംജി (നോൺറോഡ്) | | | | |
| | എസ്.സി. | 7,28,000 | 7,17,852 | 98.60% |
| | ജനറൽ | 14,64,575 | 10,12,118 | 69.10% |

എസ്.സി. വിഭാഗത്തിൽ ലഭ്യമായ ഫ ുകൾ മുഴുവനായും വിനിയോഗിച്ചിട്ടു ങ്കിലും ഇതിൽ 66,74,000 രൂപയും സംയുക്ത പ്രോജക്ടുകൾക്കായി വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയതാണ്. ഇവയുടെ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് പ്രത്യേക പരാമർശം ഈ റിപ്പോർട്ടിൽ 3(4)(3) ഖണ്ഡികയായി ചേർത്തിട്ടു ്.

ബ്ളോക്ക് പഞ്ചായത്തിന്റെ നിർവഹണ ഉദ്യോഗസ്ഥരായ വ്യവസായ വികസന ഓഫീസർ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ എന്നിവർ തൻവർഷം പ്രോജക്ടുകൾ ഒന്നും നടപ്പാക്കിയിട്ടില്ല. കൃഷി അസിസ്റ്റന്റ് ഡയറക്ടർ ആകെ ഒരു പ്രോജക്ടാണ് നിർവഹിച്ചിട്ടുള്ളത്. നൂറ് മേനി കൃഷി എന്ന ഈ പ്രോജക്ടിൽ 1,30,000 രൂപ കടലു ി ഗ്രാമപഞ്ചായത്തിന് കൈമാറുകയാണു ായത്. അടിസ്ഥാന മേഖലകളിൽ ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ടുകൾ നിർവഹിക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. ഇക്കാര്യം ശ്രദ്ധയിൽ കൊ ുവരുന്നു.

ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി രൂപീകരണം സംബന്ധിച്ച കാര്യങ്ങൾ പരിശോധിച്ചതിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ലെന്ന് ക ു. പദ്ധതി ആവിഷ്ക്കരിക്കുന്നതിന് മുന്നോടിയായി വർക്കിംഗ് ഗ്രൂപ്പുകൾ മൂന്ന് തീയതികളിൽ യോഗം ചേർന്നിരുന്നു. ഈ യോഗങ്ങളിൽ അർത്ഥവത്തായ ചർച്ചകൾ ഒന്നും നടന്നിട്ടില്ല. അതുപോലെ അതത് മേഖലകളിലെ നിർവഹണ ഉദ്യോഗസ്ഥർ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ പങ്കെടുത്ത് തങ്ങളുടെ കടമ നിർവഹിക്കുന്നതായും ക ില്ല.

Local Fund Audit Department

## ഭാഗം – 2

## വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2–1) വാർഷിക കണക്കിലെ അപാകതകൾ :

2011–12 ലെ വാർഷിക കണക്കുകൾ സാംഖ്യ സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് തയ്യാറാക്കിയിട്ടുള്ളത്. വാർഷികകണക്കുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. സാംഖ്യ സംവിധാനം തുടങ്ങുന്ന മുറയ്ക്ക് പഞ്ചായത്തിന്റെ മുൻദിവസത്തെ ക്ലോസിംഗ് ബാലൻസുകൾ/ആസ്തികൾ, ബാദ്ധ്യതകൾ എന്നിവ സാംഖ്യയിലെ ഓപ്പണിംഗ് ബാലൻസായി ഉൾപ്പെടുത്തേ തു ്. എന്നാൽ ഇത്തരത്തിൽ തയ്യാറാക്കിയ ഓപ്പണിംഗ് ബാലൻസ് ഷീറ്റ് ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
2. 31.3.2012 ലെ ബാലൻസ് ഷീറ്റ് പ്രകാരം പഞ്ചായത്ത് ഫ ്, ഇയർമാർക്ക്ഡ് ഫ ് തുടങ്ങിയവ 57,38,610 രൂപ കമ്മിയാണ്. കാരണം വിശദീകരിക്കേ താണ്.
3. 31.3.12 ലെ ബാലൻസ് ഷീറ്റ് പ്രകാരം പഞ്ചായത്തിന്റെ കറ ് അസറ്റിൽപെടുന്ന കാഷ് ആന്റ് ബാങ്ക് ബാലൻസ് (ഷെഡ്യൂൾ ബി-17) തുകകളിൽ നാഷണലൈസ്ഡ് ബാങ്ക്-ഗ്രാന്റ് ഫ ്സ് എന്ന ഹെഡ് പ്രകാരം 79,907/-രൂപ നീക്കിയിരിപ്പുള്ളതായി കാണിച്ചിരിക്കുന്നു. എന്നാൽ പഞ്ചായത്തിലെ വിവിധ ഫ ിനങ്ങളുടെ ബാങ്ക് ബുക്കുകൾ പരിശോധിച്ചതിൽ ഇങ്ങനെയൊരു അക്കൗ ് നിലവിലില്ല എന്ന് കാണുന്നു. ഈ തുകയുടെ വിശദാംശം വ്യക്തമാക്കേ താണ്.
4. ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റുമെന്റ് പ്രകാരം 31.3.2012 ലെ കമ്മി 1.587 കോടി രൂപയാണ്. അപാകതയ്ക്ക് വിശദീകരണം നൽകേ താണ്.
5. വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരം തൻവർഷം ലഭിക്കാനുള്ള വാടക 36,000 രൂപയാണ്. എന്നാൽ ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റുമെന്റിൽ ഈ തുക തെറ്റായി 47,700/-രൂപ എന്നാണ് കാണിച്ചിരിക്കുന്നത്.

   രസീറ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റുമെന്റിൽ സൺഡ്രി ഡെപ്റ്റർസ് റിസീവബിൾ എന്ന ഹെഡിൽ തൻവർഷ വാടക ഇനത്തിൽ 42,000/-രൂപയാണ് കാണിച്ചിരിക്കുന്നത്. എന്നാൽ യഥാർത്ഥത്തിൽ ഇത് വരേ ിയിരുന്നത് തൻവർഷം ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള 33,000/-രൂപയും കുടിശ്ശികയിനത്തിൽ 10,200/- രൂപയുമാണ്.
6. വാർഷികകണക്കിലെ വികസനഫ ിന്റെ (ജനറൽ, എസ്.സി.പി., റോഡ് പുനരുദ്ധാരണഫ ് എന്നിവയുടെ) വരവു ചെലവ്, നീക്കിയിരിപ്പു തുകകൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമായും, സ്റ്റേറ്റ് ധനകാര്യ കമ്മീഷനിൽ നൽകിയ (unspent balance ന്റെ വിശദവിവരം) ധനവിനിയോഗ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേ താണ്.

### 2–2) രശീതി പരിശോധനയിൽ ക അപാകതകൾ :

**സ്ഥാപനത്തിൽ ലഭിക്കുന്ന ചെക്കുകൾ, ഡ്രാഫ്റ്റുകൾ എന്നിവയ്ക്ക് രശീതി നൽകുന്നില്ല :**

2011 ലെ കേരളാ പഞ്ചായത്ത് രാജ് അക്കൗ ്സ് ചട്ടങ്ങളിലെ ചട്ടം 20(എ) പ്രകാരം പഞ്ചായത്തിന് നേരിട്ട് ലഭിച്ചതും, മറ്റു ആധുനിക മാർഗ്ഗങ്ങളിലൂടെ ലഭിച്ചതുമായ എല്ലാ പണം വരവുകൾക്കും ഇൻസ്ട്രുമെന്റ് ഏതാണെന്ന് രേഖപ്പെടുത്തി രസീത് നൽകേ താണ്. എന്നാൽ

Local Fund Audit Department

ബ്ളോക്ക് പഞ്ചായത്തിന്റെ 17.6.2013 തീയതി വരെയുള്ള രശീതുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ചെക്കുകൾക്ക് രശീതി നൽകിയതായി കാണുന്നില്ല.

| ക്രമനം. | ചെക്ക് പഞ്ചായത്തിൽ ലഭിച്ച തീയതി | ആരിൽ നിന്ന് ലഭിച്ചു | ഏതാവശ്യത്തിന് ലഭിച്ചു | ചെക്ക് നം. തീയതി/തുക |
|---|---|---|---|---|
| 1 | 18.9.12 | പ്രോജക്ട് ഡയറക്ടർ, പി.എ.യു., കോഴിക്കോട് | സോഷ്യോ ഇക്കോണമിക് സെൻസസ് മൂന്നാം ഗഡു | ചെക്ക് നം.003467/25.7.12 18,18,000 |
| 2 | 24.9.12 | ജില്ലാ പ്ലാനിംഗ് ഓഫീസർ, കോഴിക്കോട് | മെമ്പർമാർക്ക് 12-ാം പദ്ധതി ട്രെയിനിംഗ് | ചെക്ക് നം.969003/12.9.12 6,750 രൂപ. |
| 3 | 15.11.12 | പ്രോജക്ട് ഡയറക്ടർ, പി.എ.യു., കോഴിക്കോട് | സോഷ്യോ ഇക്കോണമിക് സെൻസസ് നാലാം ഗഡു | ചെക്ക് നം.003480/14.11.12 1,46,000/-രൂപ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 1) സോഷ്യോ ഇക്കണോമിക് സെൻസസിനായി (SECC) ലഭിക്കുന്ന തുകകൾക്ക് രസീത് നൽകാറില്ല എന്ന മറുപടിയാണ് ലഭിച്ചത്. 2011-12 ലെ വാർഷികകണക്കിൽ ഈ ഇനത്തിന്റെ ക്ലോസിംഗ് ബാലൻസ് ഉൾപ്പെട്ടിട്ടു ്. അങ്ങനെയിരിക്കെ തുടർന്നുള്ള വർഷത്തിൽ ഈയിനത്തിൽ ലഭിക്കുന്ന തുകകൾക്ക് രസീത് നൽകാറില്ല എന്ന മറുപടി സ്വീകാര്യമല്ല. പഞ്ചായത്തിൽ ലഭിക്കുന്ന ഏതൊരു വരവിനും, രശീതി നൽകി അക്കൗ ിൽ ഉൾപ്പെടുത്തേ താണ്.

## 2-3) മുറികൾ വാടകയ്ക്ക് നൽകുന്നതിലെ അപാകതകൾ :

ബ്ളോക്ക് പഞ്ചായത്ത് കോമ്പൗ ിൽ സ്ഥിതി ചെയ്യുന്ന വനിതാ വ്യവസായ പരിശീലന കേന്ദ്രത്തിന്റെ താഴെ നിലയിലുള്ള മുറികൾ അഞ്ച് വ്യത്യസ്ത വ്യക്തികൾ/സ്ഥാപനങ്ങൾക്കായി 2007-08 വർഷം മുതൽ വാടകയ്ക്ക് നൽകിവരുന്നു. ഇതുമായി ബന്ധപ്പെട്ട രേഖകളും, ഡിമാന്റ് രജിസ്റ്ററും പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. മുറികൾ വാടകയ്ക്ക് നൽകുന്നതിലേക്കായി പ്രത്യേക ബൈലോ തയ്യാറാക്കിയിട്ടില്ല.
2. ഇപ്പോൾ പ്രവർത്തിച്ചുവരുന്ന അഞ്ചു സ്ഥാപനങ്ങളിൽ ഊട്ടുപുര, ജീവാമൃതം ന്യൂട്രിമിക്സ്, സ്റ്റാർ ആക്ടിവിറ്റി തുടങ്ങിയവ 2007-08 വർഷം മുതലും, മറ്റുള്ളവ 2011-12 വർഷം മുതലും പ്രവർത്തിച്ചുവരുന്നു. എന്നാൽ ഇവരിൽ ആരിൽ നിന്നും വാർഷിക വർധന നടത്തി വാടക ഈടാക്കുന്നില്ല. തുടക്കം മുതൽ ഒരേ തുകയാണ് വാടകയിനത്തിൽ ഈടാക്കുന്നത്.
3. ഈ സ്ഥാപനങ്ങളിൽ മിക്കവയും അതാതുമാസം വാടക അടവാക്കാതെ, പല മാസങ്ങളിലെ വാടക തുക ഒരുമിച്ച് അടവാക്കുകയാണ് ചെയ്യുന്നത്. എന്നാൽ ഇവരിൽ നിന്ന് പിഴ ഈടാക്കുന്നില്ല.
4. വാടക ഡിമാന്റ് രജിസ്റ്റർ ശരിയായി എഴുതി സൂക്ഷിക്കുന്നില്ല. ഓരോ വർഷവും ഡിമാന്റ് രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുമ്പോൾ മുൻവർഷം കിട്ടാൻ ബാക്കിയുള്ള കുടിശ്ശിക കൾക്ക് പ്രത്യേകം കുടിശ്ശിക ഡിമാന്റ് രജിസ്റ്ററും, തൻവർഷത്തേയ്ക്ക് മറ്റൊരു ഡിമാന്റ് രജിസ്റ്ററും ആവശ്യമാണ്. വർഷാവസാനം പിരിവിന്റെ സംഗ്രഹം ഡിമാന്റ്, കലക്ഷൻ, ബാലൻസ് എന്ന രീതിയിൽ തയ്യാറാക്കി സൂക്ഷിക്കണം. എന്നാൽ ഓരോ വർഷവും ആകെ ലഭിക്കുന്ന വാടക തുകകളുടെയും ഡെപ്പോസിറ്റ് തുകകളുടെയും ഒട്ടാകെയാണ് ആ

Local Fund Audit Department

വർഷത്തെ വരവായി കാണിക്കുന്നത്. (കുടിശ്ശികയും തൻവർഷ വരവും വ്യത്യസ്തമായി കാണിക്കുന്നില്ല). ഇങ്ങനെ ചെയ്യുന്നതിനാൽ കുടിശ്ശിക പിരിവും, തന്നാ ു പിരിവും വേർതിരിച്ചറിയുന്നതിന് ബുദ്ധിമുട്ടു ാക്കുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേ താണ്.

## ഭാഗം – 3

## ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1) പൊതുജനാരോഗ്യ കേന്ദ്രത്തിനെ സാമൂഹികാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ – അനുബന്ധ സൗകര്യങ്ങൾ ബ്ലോക്ക് ഏർപ്പെടുത്തിയില്ല :

ഒളവണ്ണ പൊതുജനാരോഗ്യ കേന്ദ്രത്തിനെ (പി.എച്ച്.സി), കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി (സി.എച്ച്.സി) 6.11.08 ലെ സർക്കാർ ഉത്തരവ്(എം.എസ്)156/08/എച്ച്&ഡബ്ള്യു പ്രകാരം ഉയർത്തി. പ്രസ്തുത ഉത്തരവിൽ പി.എച്ച്.സി., സി.എച്ച്.സി., മറ്റു വിവിധ സർക്കാർ ആശുപത്രികൾ എന്നിവയ്ക്ക്, ഇൻഡ്യൻ പബ്ളിക് ഹെൽത്ത് സ്റ്റാന്റേർഡ്സ് (IPHS) ബാധകമാണെന്നും (16.5.08 ലെ ജി.ഒ.(പി)നം.156/08/H&FW) വ്യക്തമാക്കിയിരുന്നു. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 2-3 പ്രകാരം സി.എച്ച്.സി.കളുടെ പ്രവർത്തന ലക്ഷ്യങ്ങളും, സ്റ്റാഫ് പാറ്റേൺ എന്നിവയും വ്യക്തമാക്കിയിരുന്നു. ആയത് പ്രകാരം ബ്ലോക്ക് തലത്തിൽ അടിസ്ഥാനപരമായും, ദ്വിതീയപരവുമായ ആരോഗ്യസംരക്ഷണവും കൂടാതെ പ്ലാനിംഗ്, നിർവഹണം, സംഘാടനം എന്നിവയാണ് സി.എച്ച്.സി. യുടെ ചുമതലയെന്നും വ്യക്തമാക്കി. സി.എച്ച്.സി.കളിൽ ഓപ്പറേഷൻ തിയേറ്റർ, ലാബ്, എക്സ്റേ, ഇ.സി.ജി., അൾട്രാസൗ ് തുടങ്ങിയ അനുബന്ധ സൗകര്യങ്ങളും, 30 മുതൽ 100 രോഗികളെ വരെ കിടത്തി ചികിത്സിപ്പിക്കാവുന്ന സൗകര്യവും ഉ ായിരിക്കണമെന്നും നിഷ്കർഷിച്ചു. മേൽ ആവശ്യത്തിനായുള്ള സ്റ്റാഫ് പാറ്റേൺ താഴെ പറയും പ്രകാരമായിരിക്കുമെന്നും വ്യക്തമാക്കി.

I. 
1. ഡോക്ടർമാർ – 5 (ജനറൽ മെഡിസിൻ, ജനറൽ സർജ്ജറി, ഗൈനക്കോളജി, പീഡിയാട്രിക്സ്, അനസ്തോളജി എന്നിവയിൽ)
2. മറ്റു വിദഗ്ദ്ധരല്ലാത്ത ഡോക്ടർമാർ – 2 (ജനറൽ വിഭാഗം), സ്റ്റാഫും, പാരാമെഡിക്കൽ സ്റ്റാഫും, മറ്റു സ്റ്റാഫുകളും – നിലവിലുള്ള കിടക്കകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ.

II. **ബ്ലോക്ക് ലെവൽ പൊതുജനാരോഗ്യ പ്രവർത്തകർ** :

ഹെൽത്ത് സൂപ്പർവൈസർ – 1
ലേഡി ഹെൽത്ത് സൂപ്പർവൈസർ – 1
സ്റ്റാഫ് നേഴ്സ് – 12
ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് – 12
ഫാർമസിസ്റ്റ് – 2
ലാബ് ടെക്നീഷ്യൻ – 2
റേഡിയോഗ്രാഫർ – 1
ഒപ്ത്താൽമിക് അസിസ്റ്റന്റ് – 1
സെക്യൂരിറ്റി – 1

Local Fund Audit Department

മറ്റു പബ്ലിക് ഹെൽത്ത് വിഭാഗം സ്റ്റാഫും, മിനിസ്റ്റീരിയൽ സ്റ്റാഫും നിലവിലുള്ള മാനദണ്ഡ ങ്ങൾ പ്രകാരവും ഉ ായിരിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. ആയതിന് പുറമെ ഹോസ്പിറ്റൽ സർവ്വീ സുകളുടെ ഒരു ലിസ്റ്റും നൽകിയിരുന്നു.

സി.എച്ച്.സി. മെഡിക്കൽ ഓഫീസറുടെ 2.7.2009 ലെ ഇ/113/09-ാം നമ്പർ കത്ത് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്കും, പ്രസിഡ ിനും മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പും ആയതിന് ആവശ്യമായ പശ്ചാത്തല സൗകര്യം ഒരുക്കുവാൻ അപേക്ഷിച്ചും തുടർന്ന് 29.9.2009 ലെ ഇ/113/09-ാം നമ്പർ കത്ത് പ്രകാരം ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസിന് അധിക തസ്തികയും, ഭൗതികസാഹചര്യങ്ങളൊരുക്കുവാൻ നടപടിയാക്കാൻ അപേക്ഷിച്ചു. എന്നാൽ കൂടു തൽ തസ്തികകളൊന്നും അനുവദിച്ചിട്ടില്ല. 26.6.2013 ന് അപരാഹ്നത്തിൽ സി.എച്ച്.സി. നേരിട്ട് സന്ദർശിച്ചതിൽ ഒളവണ്ണ പി.എച്ച്.സി. യുടെ ബോർഡാണ് സ്ഥാപനത്തിൽ വെച്ചിരിക്കുന്നത്. സ്ഥാപന ത്തിന്റെ ബോർഡിൽ പോലും സി.എച്ച്.സി. എന്നെഴുതി കാണുന്നില്ല. 2011-12 സാമ്പത്തികവർഷത്തിൽ ശുദ്ധജലം ലഭിക്കാനുള്ള ഒരു കിണറും, സി.എച്ച്.സി. യുടെ അറ്റകുറ്റപ്പണി, അഡ്മിനിസ്ട്രേറ്റീവ് ബ്ളോക്കിനു മുകളിലായി ഒരു ഹാൾ (2009-10 ൽ തുടങ്ങി 2012-13 ൽ പൂർത്തിയാക്കി) എന്നീ പ്രവർത്തികളാണ് പി.എച്ച്.സി.യെ സി.എച്ച്.സി. യാക്കി ഉയർത്താനായി ചെയ്ത പൊതുമരാമത്ത് പ്രവർത്തികൾ. ആയതിൽ നിന്നും സർക്കാർ ഉത്തരവ് പ്രകാരവും ഇന്ത്യൻ പബ്ലിക് ഹെൽത്ത് സ്റ്റാന്റേർഡ്സ് പ്രകാരവും, സി.എച്ച്.സി. ചികിത്സയിലെ അടിസ്ഥാന സൗകര്യങ്ങളായ കെട്ടിടം, റോഡ് സൗകര്യം തുടങ്ങിയവ സമയബന്ധിതമായി ലഭ്യമാക്കാനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ബ്ലോക്ക് പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. അപാകത 27.6.2013 ൽ നടന്ന എക്സിറ്റ് കോൺഫറൻസിൽ പ്രസിഡ ്, വൈസ് പ്രസിഡ ്, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ഉദ്യോഗസ്ഥർ എന്നിവരുടെ ശ്രദ്ധയിൽപെടുത്തി. ഒളവണ്ണ സി.എച്ച്.സി.യിൽ അടിസ്ഥാനസൗകര്യ ങ്ങളും തസ്തികകളും ലഭ്യമാക്കാനുള്ള അടിയന്തിര നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേ താണ്.

## 3-2) <u>ഇരിങ്ങല്ലൂർ വനിതാ വ്യവസായ കേന്ദ്രം - കനറാ ബാങ്കിന് കൈമാറി- അപാകതകൾ :</u>

കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് കോമ്പൗ ിൽ സ്ഥിതി ചെയ്യുന്ന ഇരിങ്ങല്ലൂർ വനിതാ വ്യവസായ കേന്ദ്രത്തിന്റെ (വാർഡ് നം.22, കെട്ടിടനം.294-300, 302) മുകളിലത്തെ നില 23.3.2010 മുതൽ കനറാബാങ്കിന്റെ സെന്റിനറി റൂറൽ ഡെവലപ്മെന്റ് ട്രസ്റ്റിന് (CBCRDT) കൈമാറി നൽകിയിരിക്കയാ ണ്. ഇവരുമായി 23.3.10 ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ഏർപ്പെട്ടിരിക്കുന്ന ധാരണാപത്രപ്രകാരം ര ു വർഷക്കാലത്തേയ്ക്ക് വാടകയില്ലാതെ കെട്ടിടം കൈമാറി നൽകാമെന്നും, ജില്ലാ പഞ്ചായത്ത്/ സർക്കാർ വകുപ്പുകൾ സ്പോൺസർ ചെയ്യുന്ന 500 BPL യുവജനങ്ങൾക്ക് വർഷം പ്രതി ട്രെയിനിംഗ് പ്രോഗ്രാമുകൾ നൽകാമെന്നും ഇരുകൂട്ടരും സമ്മതിച്ചിരിക്കുന്നു. ഈ വിഷയത്തിൽ ചുവടെ ചേർ ക്കുന്ന അപാകതകൾ കാണുന്നു.

1. ഇവരുമായി ഏർപ്പെട്ടിരുന്ന ധാരണാപത്രത്തിന്റെ കാലാവധി 22.3.2012 ന് തീർന്നിട്ടു ്. ധാര ണാപത്രത്തിലെ 7-ാമത്തെ വ്യവസ്ഥ പ്രകാരം 2 വർഷത്തിനു ശേഷം ഇരുകൂട്ടരുടെയും പര സ്പര സമ്മതത്തോടെ കാലാവധി നീട്ടാവുന്നതാണെന്ന് വിവരിക്കുന്നു ങ്കിലും പിന്നീട് ആയത് പുതുക്കിയതായോ മറ്റെന്തെങ്കിലും തീരുമാനങ്ങൾ ഉ ായിട്ടുള്ളതായോ കാണുന്നില്ല.
2. ധാരണാ പത്രത്തിൽ വിവരിക്കുന്നതുപോലെ വർഷാവർഷങ്ങളിൽ 500 ബി.പി.എൽ. യുവജന ങ്ങൾക്ക് ട്രെയിനിംഗ് നൽകുന്നു ോ, ഏത് മേഖലയിലാണ് പരിശീലനം നൽകുന്നത് എന്നത് സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്ത് യാതൊരു പരിശോധനയും/മോണിറ്ററിംഗും നടത്തുന്നില്ല.

Local Fund Audit Department

3. മേൽ ധാരണാപത്രം പ്രകാരം എന്തെങ്കിലും തർക്കം ഉ ാകുന്നപക്ഷം സംസ്ഥാന സർക്കാരാണ് അവസാന തീരുമാനം എടുക്കേ തെന്ന് നിഷ്കർഷിക്കുന്നു ങ്കിലും, ഇങ്ങനെയൊരു ക്രയവിക്രയം നടന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുള്ളതായോ സർക്കാർ ഈ ധാരണാത്രത്തിന്റെ ഭാഗമാവുകയോ ചെയ്തിട്ടില്ല.
4. കൂടാതെ ട്രെയിനിംഗിനുള്ള വിദ്യാർത്ഥികളെ ജില്ലാ പഞ്ചായത്ത്/സർക്കാർ വകുപ്പുകളാണ് സ്പോൺസർ ചെയ്യേ തെന്ന് സമ്മതിക്കുന്നു ങ്കിലും ഈ സ്ഥാപനങ്ങളെ ഈ ട്രെയിനിംഗ് സെന്ററിനെ സംബന്ധിച്ച വിവരങ്ങൾ അിറയിച്ചിട്ടുള്ളതായി കാണുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/11-12) ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ CBCRDT യുമായി ബന്ധപ്പെട്ട് അറിയിക്കാമെന്നുള്ള മറുപടിയാണ് ലഭിച്ചത്. ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം തൊഴിൽപരിശീലനം നൽകുന്നതിന് വാടകയില്ലാതെ കൈമാറിയിട്ടുള്ളത് സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല എന്നത് പഞ്ചായത്തിന്റെ ഭാഗത്തുള്ള ഗുരുതര വീഴ്ചയാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ അതീവ ശ്രദ്ധ ക്ഷണിക്കുന്നു.

**<u>3-3) വികസനഫ ്, സംരക്ഷണഫ ് - അലോട്ട്മെന്റ് പ്രകാരമുള്ള തുക ലഭിച്ചിട്ടില്ല:</u>**

ബ്ലോക്ക് പഞ്ചായത്തിന് തൻവർഷം ലഭിച്ച വിവിധ ഫ ുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അലോട്ട്മെന്റ് തുകകൾ പഞ്ചായത്തിന് ലഭ്യമായിട്ടില്ല എന്ന് കാണുകയു ായി.

| ഫ ിനം | ഇൻസ്റ്റാൾമെന്റ് | തുക |
|---|---|---|
| വികസനഫ ് | $V^{th}$ | 8,60,500 |
| -ടി- | $VI^{th}$ | 8,60,500 |
| സംരക്ഷണഫ ് | $X^{th}$ | 51,200 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/11-12) ലഭിച്ച മറുപടിയിൽ, പ്രസ്തുത അലോട്ട്മെന്റുകൾ (ലെറ്റർ ഓഫ് അതോറിറ്റി) പഞ്ചായത്തിൽ ലഭിച്ചിരുന്നെങ്കിലും, ആയത് ട്രഷറിയിൽ ലഭ്യമാകാതിരുന്നതിനാലാണ് ഇപ്രകാരം സംഭവിച്ചതെന്നും, ഇത് സംബന്ധിച്ച് 26.4.2012 ന് ഇ.578/11-ാം നമ്പർ കത്തു മുഖേന എ.ഡി.സി.(ജനറൽ) യെയും, 15.12.12 ന് ഇ.578/11-ാം നമ്പർ കത്തു മുഖേന ഗ്രാമവികസന കമ്മീഷണറെയും വിവരം അറിയിച്ചിട്ടു ന്നും, 5.6.13 ൽ ഗ്രാമവികസന കമ്മീഷണർ 11357/ഫിൻ1/12 സി.ആർ.ഡി. നമ്പർ കത്തു മുഖേന തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് വിവരം അറിയിച്ചിട്ടു ന്നും ഓഡിറ്റിനെ അറിയിച്ചു.

പഞ്ചായത്തിൽ ലഭിച്ച ലെറ്റർ ഓഫ് അതോറിറ്റികൾ പരിശോധിച്ചതിൽ വികസനഫ ിന്റെ 5-ാമത്തെയും, 6-ാമത്തെയും അലോട്ട്മെന്റുകൾ ഗ്രാമവികസന കമ്മീഷണർ വിതരണം ചെയ്തിരിക്കുന്നത് 4.10.2011 നും സംരക്ഷണഗ്രാന്റിന്റെ 10-ാമത്തെ അലോട്ട്മെന്റ് വിതരണം നടത്തിയിരിക്കുന്നത് 5.1.12 നുമാണ്. ഇവ യഥാക്രമം 29.10.11, 31.10.11, 19.1.12 തീയതികളിൽ പഞ്ചായത്തിൽ ലഭിച്ചിട്ടുമു ്. എന്നാൽ ഇവ അതത് ഫ ിനങ്ങളിൽ വരവു വന്നിട്ടില്ലെന്നത് പഞ്ചായത്തിന്റെ ശ്രദ്ധയിൽപെടുന്നത് ആ സാമ്പത്തികവർഷാവസാനം മാത്രമാണ്. പഞ്ചായത്തിന്റെ വിവിധ ഫ ിനങ്ങൾ മാസാമാസങ്ങളിൽ ട്രഷറി തുകകളുമായി പൊരുത്തപ്പെടുത്താതിരുന്നതാണ് ഇതിനെല്ലാം കാരണമായിട്ടുള്ളത്.

പഞ്ചായത്തിന്റെ എല്ലാ ഫ ിനങ്ങളും മാസാവസാനം ട്രഷറി/പാസ്ബുക്ക് തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കേ തും, മേൽ വിവരിച്ച തുകകൾ പഞ്ചായത്തിന് ലഭ്യമാക്കിയതിന്റെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേ തുമാണ്.

Local Fund Audit Department

## 3-4) പട്ടികജാതി കോളനികളുടെ സമഗ്ര വികസനം - പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ:

പ്രോജക്ട് നം. : 23/11-12

അടങ്കൽ : 66,74,561/- (വികസനഫ ് എസ്.സി.പി)

നിർവ്വഹണം : സെക്രട്ടറി

ചെലവ് : 66,74,000/-രൂപ

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളിൽ പട്ടികജാതി കോളനികളുടെ വികസനത്തിനായി തയ്യാറാക്കിയ പ്രോജക്ടുകളിൽ വകയിരുത്തിയ ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകാനാണ് ഈ പ്രോജക്ട് ആവിഷ്ക്കരിച്ചത്. ഇതുപ്രകാരം താഴെ പറയുന്ന തുകകൾ ഗ്രാമപഞ്ചായത്തുകൾക്ക് നൽകുകയു ായി.

| ഗ്രാമപഞ്ചായത്തിന്റെ പേര് | ബിൽ നമ്പർ | തുക |
|---|---|---|
| ഫറോക്ക് ഗ്രാമപഞ്ചായത്ത് | 7/11-12<br>4.1.12 | 2,00,000/- |
| രാമനാട്ടുകര ഗ്രാമപഞ്ചായത്ത് | 16/11-12<br>9.2.12 | 8,74,561/- |
| കടലു ി ഗ്രാമപഞ്ചായത്ത് | 18/11-12<br>21.2.12 | 38,00,000/- |
| **ആകെ** | | **66,74,000/-** |

ഈ പ്രോജക്ടിന്റെ നിർവഹണത്തിൽ ക ത്തിയ അപാകതകൾ താഴെ പറയുന്നു.

1. **<u>മേഖലാ പരിധി മറികടന്ന് പശ്ചാത്തല മേഖലയ്ക്ക് തുക ചെലവഴിച്ചു</u>** :

സർക്കാർ ഉത്തരവ് (എം.എസ്)128/2007/തസ്വഭവ തീയതി 14.5.2007 പ്രകാരം പുറപ്പെടുവിച്ച 11-ാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖയിൽ പ്രത്യേക ഘടകപദ്ധതി ഫ ിന്റെ 20% ൽ കവിയാത്ത തുക മാത്രമേ പശ്ചാത്തലമേഖലയ്ക്ക് വകയിരുത്താവൂ എന്ന് നിഷ്കർഷിക്കുന്നു ്. ബ്ലോക്ക് പഞ്ചായത്തിന് 2011-12 ൽ മുൻബാക്കി 36,76,639/-രൂപ ഉൾപ്പെടെ ആകെ 1,00,49,561/-രൂപയാണ് പ്രത്യേക ഘടകപദ്ധതിയിനത്തിൽ വരവുള്ളത്. ഐ.കെ.എം-ന്റെ തൻവർഷത്തെ ചെലവ് സ്റ്റേറ്റുമെന്റ് പ്രകാരം പ്രത്യേക ഘടകപദ്ധതിയിലെ തൻവർഷത്തെ മേഖലാപരമായ വകയിരുത്തലുകൾ താഴെ പറയും പ്രകാരമാണ്.

| | ഉൽപാദനമേഖല | സേവനമേഖല | പശ്ചാത്തലമേഖല |
|---|---|---|---|
| വകയിരുത്തിയത് | 10,25,000 | 66,79,561 | 2,15,000 |
| ചെലവ് | 10,25,000 | 66,79,561 | 2,15,000 |

സേവനമേഖലയിൽ പ്രീമെട്രിക് ഹോസ്റ്റലിലെ അന്തേവാസികൾക്കായി ആവിഷ്ക്കരിച്ച 5,000 രൂപ അടങ്കലുള്ള പ്രോജക്ടിലെ ചെലവ് ഒഴികെ ബാക്കി മുഴുവൻ തുകയും പട്ടികജാതി കോളനികളുടെ സമഗ്ര വികസനം എന്ന പ്രോജക്ട് പ്രകാരം ചെലവഴിച്ചതാണ്. എന്നാൽ ബ്ലോക്ക് ഫ ് ഉപയോഗിച്ച് ഗ്രാമപഞ്ചായത്തുകൾ നിർവ്വഹിക്കാൻ പദ്ധതിയിട്ട പ്രോജക്ടുകൾ പരിശോധിച്ചതിൽ ഈ പ്രോജക്ടുകളെല്ലാം തന്നെ പശ്ചാത്തല മേഖലയിൽ വരുന്ന പ്രോജക്ടുകളാണെന്ന് ക ു. വിശദാംശങ്ങൾ താഴെ പറയുന്നു.

Local Fund Audit Department

| | പഞ്ചായത്ത് | പ്രോജക്ട് നമ്പർ/പേര് | അടങ്കൽ | പ്രവർത്തി |
|---|---|---|---|---|
| 1 | ഫറോക്ക് ഗ്രാമപഞ്ചായത്ത് | 143/12<br>കോളനികളുടെ സമഗ്ര വികസനം | 2,50,000 (പ്ലാൻ)<br>20,00,000(ബ്ലോക്ക്)<br>22,50,00 | പശ്ചാത്തല വികസനം |
| 2 | രാമനാട്ടുകര ഗ്രാമപഞ്ചായത്ത് | 179/12 | 1,00,000 (പ്ലാൻ)<br>8,74,651 (ബ്ലോക്ക്)<br>9,74,651 | ചുറ്റുമതിൽ |
| 3 | കടലു ി ഗ്രാമപഞ്ചായത്ത് | പടിക്കത്താഴം കോളനി സമഗ്രവികസനം<br>1-ാം ഘട്ടം<br>111/12 | 1,84,100 (പ്ലാൻ)<br>14,00,000 (ബ്ലോക്ക്)<br>15,84,100 | റോഡ് നിർമ്മാണം |
| | | -ടി- ര ാം ഘട്ടം | ലഭ്യമല്ല | -ടി-<br>24,00,000/- രൂപ നൽകി |

മേൽപറഞ്ഞതിൽ നിന്നും സേവനമേഖലയിൽ വകയിരുത്തിയ തുകയിൽ സിംഹഭാഗവും പശ്ചാത്തല മേഖലയിലേക്ക് വകമാറ്റിയെന്ന് കാണാവുന്നതാണ്. അതുപോലെ മേൽ പ്രോജക്ടുകളി ലെല്ലാം തന്നെ പഞ്ചായത്തിന്റെ വിഹിതം വളരെ കുറവാണ്. ആയതിനാൽ ഇവ ബ്ലോക്ക് പഞ്ചായ ത്തിന്റെ പദ്ധതി വിഹിതം ചെലവഴിക്കുന്നതിനുവേ ി മാത്രം തയ്യാറാക്കിയ പ്രോജക്ടുകളാണെന്ന് കാണുന്നു.

2. <u>വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല</u> :

പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയ 66,74,000 രൂപയ്ക്ക് നാളിതുവരെ വിനി യോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ കണക്കു പ്രകാരം ചെലവഴിച്ചതായി കണ ക്കാക്കിയിട്ടുള്ള ഭീമമായ തുക ഇപ്പോഴും ചെലവഴിക്കപ്പെട്ടിട്ടു ായെന്ന് വ്യക്തമല്ല. ആയതിനാൽ ഗ്രാമപഞ്ചായത്തുകൾ കൈപ്പറ്റിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാ ക്കേ താണ്.

മേൽ അപാകതകളുടെ വെളിച്ചത്തിൽ ചെലവ് തുക 66,74,000/-രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

**<u>3-5) ഒളവണ്ണ സി.എച്ച്.സി. അറ്റകുറ്റപ്പണി - ഇന്റർലോക്ക്ഡ് ടൈൽസ് പതിക്കൽ - അധികനിരക്ക് നൽകി - അധികതുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല :</u>**

പ്രോജക്ട് നമ്പർ : 36/12, ഫ ് - സി - റോഡിതരം, തുക - 9,00,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

സാങ്കേതികാനുമതി : RBB/05-KKD/11-12 dt. 3.2.2012 തുക - 9,00,000/-രൂപ

9.5% എസ്റ്റിമേറ്റ് നിരക്കിൽ നിന്നും കുറവ്.

കരാറുകാരൻ : ശ്രീ.കെ. മുകുന്ദൻ, നിരക്ക് എസ്റ്റിമേറ്റിലും 9.5% കുറവ്.

എഗ്രിമെന്റ് നമ്പർ : 01/4EE/KKD/11-12 dt.29.2.2012

ബിൽ നമ്പർ : 5/11-12/30.3.2012 4,80,918/-രൂപ

എം.ബുക്ക് : 23/2002-03

സി.എച്ച്.സി. യിലെ മേൽക്കൂര, ടോയ്ലറ്റ് എന്നിവ റിപ്പയർ ചെയ്യുന്നതിനും, നിലവിലുള്ള ജന വാതിൽ, വാതിൽ എന്നിവ മാറ്റി സ്ഥാപിക്കുന്നതിനും, ആശുപത്രിയുടെ മുറ്റത്ത് ഇന്റർലോക്ക് ചെയ്യുന്ന തിനുമാണ് പ്രോജക്ട്. പ്രോജക്ട് പിന്നീട് റിവൈസ് ചെയ്യുകയു ായി. എസ്റ്റിമേറ്റിലെ 11-ാം ഇനം 7.5സെ.മീ. കനമുള്ള ഇന്റർലോക്കിംഗ് ടൈൽസ് 10 സെ.മീ. കനത്തിൽ മണൽ വിരിച്ച് അമർത്തി, ആയ

Local Fund Audit Department

തിനു ശേഷം അതിനു മുകളിൽ ടൈൽസ് വിരിക്കലാണ്. എം.ബുക്ക് പ്രകാരം ചതുരശ്രമീറ്ററിന് 908 രൂപ നിരക്കിൽ 216.3 ച.മീ. പ്രവർത്തിക്ക് 1,96,400/-രൂപ ചെലവഴിച്ചിട്ടു ്. എന്നാൽ പ്രോജക്ട് നമ്പർ 2/12 (വനിതാ വ്യവസായ വിപണന കേന്ദ്രം) എന്ന പ്രവൃത്തിയിലെ 29-ാം ഇനമായി ഇതേ പ്രവൃത്തിയ്ക്ക് ചതുരശ്രമീറ്ററിന് 734 രൂപ നിരക്കിലേ നൽകിയിട്ടുള്ളൂ. ഒരേ പ്രവൃത്തിയ്ക്ക് ഒരേ കാലയളവിൽ ര ു നിരക്കിൽ തുക നൽകിയിരിക്കുന്നത് ശരിയല്ല. ഈയിനത്തിൽ അധികം ചെലവഴിച്ച തുക സംബന്ധിച്ച വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| 734 X 216.3 = 1,58,764.2 X (-) 9.5% കുറവ് | = (15,082.59) |
| | = 1,43,681/-രൂപ |
| 216.3 X1 908 = 1,96,400.4 - 9.5% കുറവ് | = 1,77,742 |
| അധികം നൽകിയ തുക | = 1,77,742 - 1,43,681 |
| | = 34,061/- |
| | ====== |

അധികം നൽകിയ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേ താണ്. ആയതിനുള്ള ഡാറ്റ താഴെ പറയും പ്രകാരമാണ്.

7.5 സെ.മീ. കനമുള്ള ഇന്റർലോക്കിംഗ് സിമന്റ് ടൈൽസ് 10 സെ.മീ. കനത്തിലുള്ള 6എം.എം. മെറ്റലിനു മുകളിൽപതിപ്പിക്കൽ.

<u>ഡാറ്റ</u>

1.00/ചതുരശ്രമീറ്റർ ഇന്റർലോക്കിംഗ് സിമന്റ് ടൈൽസ് (പ്രാദേശികനിരക്ക്)

| | | |
|---|---|---|
| @ 437/ച.മീറ്റർ | : | 437.00 |
| 0.10 ക്യൂബിക് മീറ്റർ മെറ്റൽ @ 598/ക്യൂബിക് മീറ്റർ | : | 59.80 |
| <u>കൺവേയൻസ്</u> | | |
| 0.10 ക്യൂബിക് മീറ്റർ, 6എം.എം മെറ്റൽ @ 561.20/ക്യൂബിക് മീറ്റർ | : | 56.12 |
| എൽ.എസ്.ടൈൽസ് | : | 5.00 |
| എൽ.എസ്., അമർത്തൽ | : | 8.00 |
| <u>കൂലി</u> | | |
| 0.20 മേസൺ @ 373.75രൂപ/ഒരാൾക്ക് | : | 74.75 |
| 0.10 ആൾ @ 276രൂപ/ഒരാൾക്ക് | : | 27.60 |
| | | 668.27 |
| 10% സി.പി.യും 5% ഓവർഹെഡ് ചാർജ്ജുമടക്കം(എൽ.എസ്. ഒഴികെ) | : | 65.53 |
| | | 733.80 |
| | | ====== |
| | : | 734/ച.മീറ്റർ |
| | | =========== |

7.5 സെ.മീ. കനമുള്ള ഇന്റർലോക്കിംഗ് സിമന്റ് ടൈൽസ് 10 സെ.മീ. കനത്തിലുള്ള മണലിന് മുകളിൽ ഉറപ്പിക്കുക.

1.00/ചതുരശ്രമീറ്റർ (1 ചതുരശ്രമീറ്റർ) ഇന്റർലോക്കിംഗ് സിമന്റ് ടൈൽസ്

| | | | |
|---|---|---|---|
| (പ്രാദേശികനിരക്ക്) | @ 437രൂപ/ച.മീറ്റർ | : | 437.00 |
| 0.10 ക്യൂ.മീറ്റർ മണൽ | @ 2012.50രൂപ/ച.മീറ്റർ | : | 201.25 |
| <u>കൺവേയൻസ്</u> | | | |
| 0.10 ക്യൂബിക് മീറ്റർ മണൽ @ 731.40രൂപ/ക്യൂബിക് മീറ്റർ | | : | 73.14 |

Local Fund Audit Department

| | | |
|---|---|---|
| എൽ.എസ്.ടൈൽസ് | : | 5.00 |
| എൽ.എസ്., അമർത്തൽ | : | 8.00 |

കൂലി

| | | | |
|---|---|---|---|
| 0.20 മേസൺ | @ 373.75രൂപ/ഒരാൾക്ക് | : | 74.75 |
| 0.10 ആൾ | @ 276രൂപ/ഒരാൾക്ക് | : | 27.60 |
| | | | 826.74 |
| 10% സി.പി.യും 5% ഓവർഹെഡ് ചാർജ്ജസ് വാടകയും എൽ.എസും ഒഴികെ | | : | 81.37 |
| | | | 908.11 |

======

: 908/ച.മീറ്റർ

===========

യഥാർത്ഥത്തിൽ ഷെഡ്യൂൾ നിരക്ക് പ്രകാരം മീറ്ററിന് 437/-രൂപ നിരക്കിലുള്ള നിറയ്ക്കാനുള്ള മണൽ ഉപയോഗിച്ചാൽ മതിയായിരുന്നു. മേൽ സൂചിപ്പിച്ച പ്രവൃത്തിയ്ക്ക് 'മോർടാറിന്' ഉപയോഗി ക്കുന്ന മണലിന്റെ നിരക്ക് അനുവദിക്കേ തില്ല. ആയത് ഉപയോഗിക്കുകയാണെങ്കിൽ 7.5 സെ.മീ. കന ത്തിലുള്ള ഇന്റർലോക്കിങ്ങ് സിമന്റ് ടൈൽസ് പതിക്കാൻ ചതുരശ്രമീറ്ററിന് 744 രൂപയേ വരികയുള്ളൂ.

## 3-6) പ്രീ മെട്രിക് ഹോസ്റ്റലിൽ പമ്പുസെറ്റും അനുബന്ധ സാമഗ്രികളും സ്ഥാപിക്കൽ :

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | : | 37/11-12 |
| നിർവ്വഹണം | : | എസ്.സി.ഡി.ഒ |
| ചെലവ് - ബിൽ നം. | : | 16/11-12 - 2,00,000 രൂപ. |

ഈ പ്രോജക്ടിന്റെ എസ്റ്റിമേറ്റിലെ ഒന്നാമത്തെ ഇനമായി നിലവിലുള്ള മോട്ടോറും 90 മീറ്റർ പൈപ്പും അഴിച്ചുമാറ്റുന്ന പ്രവൃത്തി നിർവഹിച്ചിട്ടു ്. ഈ സാധനങ്ങൾ നാളിതുവരെ ലേലം ചെയ്തി ട്ടില്ല. ആയത് ലേലം ചെയ്യേ താണ്.

## 3-7) വട്ടപ്പറമ്പ് ശ്മശാനം റോഡ് - കടലു ി ഗ്രാമപഞ്ചായത്ത് - വിഹിതം നൽകിയത് അപാകത സംബന്ധിച്ച് :

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | : | 25/11-12 |
| അടങ്കൽ | : | 2,15,000 (വികസനഫ ്) |
| നിർവ്വഹണം | : | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് |
| ചെലവ് | : | ബിൽ നം.17/11-12 2,15,000 രൂപ<br>21.2.12 |

കടലു ി ഗ്രാമപഞ്ചായത്തിന്റെ 2011-12 ലെ എസ്.ഒ.110/12 നമ്പർ പ്രോജക്ട് പ്രകാരം വട്ടപ്പറമ്പ് ശ്മശാനം റോഡ് അറ്റകുറ്റപ്പണി നടത്തുന്നതിന് 2,000/-രൂപ വികസനഫ ും 8,000/- രൂപ തനത് ഫ ും 2,15,000/-രൂപ ബ്ലോക്ക് ഫ ും വകയിരുത്തുകയു ായി. തുടർന്ന് ബ്ലോക്ക് പഞ്ചായത്ത് മേൽ പ്രോജക്ട് പ്രകാരം 2,15,000/-രൂപ ഗ്രാമപഞ്ചായത്തിന് കൈമാറി. ഇത് സംബന്ധിച്ച് താഴെ പറ യുന്ന ന്യൂനതകൾ ക ു.

1) പ്രോജക്ട് നമ്പർ 110/12 ന്റെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം ജപ്പാൻ കുടിവെള്ള പദ്ധതിക്ക് വേ ി പൈപ്പ്ലൈൻ ട്രഞ്ച് എടുത്ത റോഡ് അറ്റകുറ്റപ്പണി നടത്താനാണ് ഈ പ്രോജക്ട് ആവിഷ്ക്കരിച്ചിട്ടുള്ളത്. ജപ്പാൻ കുടിവെള്ള പദ്ധതിക്ക് പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് കുഴി യെടുത്ത റോഡുകളുടെ അറ്റകുറ്റപ്പണിക്ക് ഗ്രാമപഞ്ചായത്തുകൾക്ക് നഷ്ടപരിഹാരം ലഭിക്കു

Local Fund Audit Department

മെന്നിരിക്കെ, ഇത്തരം റോഡിന്റെ അറ്റകുറ്റപ്പണികൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകിയത് ശരിയല്ല.

2) കൈപ്പറ്റിയ തുക ചെലവഴിച്ചതിന്റെ സാക്ഷ്യപത്രം ഗ്രാമപഞ്ചായത്ത് നാളിതുവരെ നൽകിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. അതുകൊ ് ചെലവ്തുക 2,15,000/-രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-8) വാങ്ങിയ ആസ്തികൾ സ്റ്റോക്കിലെടുത്തിട്ടില്ല :

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല.

| | പ്രോജക്ട് നം./അടങ്കൽ | പ്രോജക്ടിന്റെ പേര് | ചെലവ് | | വാങ്ങിയ സാധനങ്ങൾ |
|---|---|---|---|---|---|
| | | | ബിൽ നമ്പർ | തുക | |
| 1 | 57/12<br>2,04,375(പ്ലാൻ) | ബ്ലോക്ക് പഞ്ചായത്ത് ഹാൾ, ഫർണിച്ചർ | 42/31.3.12 | 2,04,375 | ഗവ: വുഡ് വർക്ക്ഷോപ്പ് പുതിയറയുടെ 044/27.3.12 നമ്പർ ഇൻവോയ്സ് പ്രകാരം 1,75,530 രൂപ വിലയുള്ള ഒരു കോൺഫറൻസ് ടേബിളും 4,556 രൂപ വിലയുള്ള ഒരു ജഫേഴ്സൺ ചെയറും വാങ്ങി. ഇവ സ്റ്റോക്കിലെടുത്തിട്ടില്ല. |
| 2 | 46/11-12<br>7,00,000(തനത്) | ബ്ലോക്ക് പഞ്ചായത്തിന് വാഹനം വാങ്ങൽ | ഡി.ഡി. നം.955683/6.3.12 | 5,77,577 | ബ്ലോക്ക് പഞ്ചായത്തിനായി ബോലേറോ SLS 2WD 7 സീറ്റർ ജീപ്പ് വാങ്ങി. ഇത് സ്റ്റോക്കിലെടുത്തിട്ടില്ല. |

അപാകതകളുടെ വെളിച്ചത്തിൽ ചെലവ് തുക 7,81,952/-രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-9) വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല :

2011-12 വർഷം സെക്രട്ടറി, സി.ഡി.പി.ഒ. എന്നിവർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ട് പ്രകാരം സംയുക്ത പ്രോജക്ടുകൾക്കുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടു ്. എന്നാൽ പ്രസ്തുത തുകകൾ വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം പഞ്ചായത്തുകൾ ഇതുവരെ നൽകിയിട്ടില്ല.

| 1. | പ്രോജക്ട് നം.18/11-12 വൃദ്ധർക്ക് ആയുർവേദ ഔഷധം | | | |
|---|---|---|---|---|
| | ബിൽ നമ്പർ/തുക | വിനിയോഗസാക്ഷ്യപത്രം നൽകാത്ത ഗ്രാമപഞ്ചായത്ത് | തുക | കുറിപ്പ് |
| 1 | 9/4.1.12<br>1,10,000/- | ഫറോക്ക് ഗ്രാമപഞ്ചായത്ത് | 60,000/- | ഡി.ഡി.നം.511858/4.1.12 കൈപ്പറ്റ് രശീതി ഇല്ല. |

| 2. | പ്രോജക്ട് നം.19/11-12 - ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്: | | | |
|---|---|---|---|---|
| 1 | 10/4.1.12<br>2,70,225/- | ഫറോക്ക് ഗ്രാമപഞ്ചായത്ത്<br>കടലു ി ഗ്രാമപഞ്ചായത്ത് | 90,000/-<br>1,80,225/- | കൈപ്പറ്റ് രശീതി ഇല്ല.<br>-- |
| 2 | 19/23.2.12<br>1,50,025/- | ഒളവണ്ണ ഗ്രാമപഞ്ചായത്ത്<br>രാമനാട്ടുകര ഗ്രാമപഞ്ചായത്ത് | 1,08,600/-<br>41,425/- | --<br>-- |
| 3 | 35/28.3.12<br>63,575/- | രാമനാട്ടുകര ഗ്രാമപഞ്ചായത്ത് | 63,575/- | |
| | | ആകെ | 4,83,825 | |

Local Fund Audit Department

| 3.ഫറോക്ക് പട്ടികജാതി വനിതാവ്യവസായ കേന്ദ്രത്തിന് വിഹിതം നൽകൽ പ്രോജക്ട് നം.24/22-12 | | | | |
|---|---|---|---|---|
| | 8/11-12 10,00,000/-<br>4.1.12 | ഫറോക്ക് ഗ്രാമപഞ്ചായത്ത് | 10,00,000/- | അടങ്കൽ 10,00,000/-<br>വികസനഫ (SCP) |

| 4.പ്രോജക്ട്നം.21/12 അനുപൂരക പോഷകാഹാര പദ്ധതി : | | | | |
|---|---|---|---|---|
| | **ബിൽനം/ചെക്ക്നം/ തീയതി/തുക** | **കൈപ്പറ്റിയ പഞ്ചായത്ത്** | **തുക** | **കുറിപ്പ്** |
| 1 | ബിൽനം.2/11-12തീ: 15.3.12<br>തുക-1,00,000/- | ഒളവണ്ണ ഗ്രാമപഞ്ചായത്ത് | 1,00,000 | കൈപ്പറ്റ് രശീതി ഉ |
| 2 | ബിൽനം.6/11-12 തീ:31.3.12<br>തുക-7,00,000/- | ഒളവണ്ണ ഗ്രാമപഞ്ചായത്ത്<br>ഫറോക്ക് ഗ്രാമപഞ്ചായത്ത്<br>കടലു ി ഗ്രാമപഞ്ചായത്ത്<br>രാമനാട്ടുകരഗ്രാമപഞ്ചായത്ത് | 2,00,000<br>2,00,000<br>1,50,000<br>1,50,000 | ,,<br>,,<br>,,<br>,, |
| 3 | ചെക്ക്നം.954135/18.2.12<br>തുക-14,50,000 | ഒളവണ്ണ ഗ്രാമപഞ്ചായത്ത്<br>ഫറോക്ക് ഗ്രാമപഞ്ചായത്ത്<br>കടലു ി ഗ്രാമപഞ്ചായത്ത്<br>രാമനാട്ടുകരഗ്രാമപഞ്ചായത്ത് | 3,05,800<br>4,62,560<br>3,43,800<br>3,37,840 | ,,<br>,,<br>,,<br>,, |
| | | **ആകെ** | **22,50,000** | |

വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് വിധേയമായി മേൽ പ്രോജക്ടുകൾ പ്രകാരം ആകെ ചെലവഴിച്ച തുക 37,93,825/- (22,50,000+14,83,825+60,000) രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-10) ഐ.എ.വൈ. ഭവന നിർമ്മാണ പദ്ധതി -ബ്ലോക്ക് പഞ്ചായത്തിന് കോടികളുടെ ബാദ്ധ്യത സൃഷ്ടിച്ചിരിക്കുന്നു :

ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്ന ഐ.എ.വൈ. പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെയും, ഭവനനിർമ്മാണം പൂർത്തിയാക്കാത്തവരുടെയും 31.5.2013 വരെയുള്ള സ്ഥിതിവിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കൾ | ഭവനനിർമ്മാണം പൂർത്തിയാക്കിയവർ | ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ |
|---|---|---|---|
| 2009-10 വർഷവും അതിനുമുമ്പും | ലഭ്യമല്ല | .. | 56 |
| 2010-11 | 439<br>394 ജനറൽ<br>45 എസ്.സി | 390 | 49 |
| 2011-12 | 299<br>250 ജനറൽ<br>49 എസ്.സി | 240 | 59 |
| 2012-13 | 222<br>107 ജനറൽ<br>115 എസ്.സി | .. | 222 |
| | | **ആകെ** | **386 പേർ** |

മുകളിൽ വിവരിച്ച കണക്ക് ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയിരിക്കുന്നത് ഐ.എ.വൈ. യ്ക്കുള്ള കേന്ദ്രവിഹിതത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ്. അതായത് കേന്ദ്രവിഹിതം മുഴുവനായി കൈപ്പറ്റിയ ഗുണഭോക്താവിനെ പണി പൂർത്തിയാക്കിയവരുടെ കണക്കിൽപെടുത്തുന്നു. അതുകൊ ുതന്നെ കേന്ദ്രവിഹിതം മുഴുവനായി ലഭിച്ചിട്ടും, ബ്ലോക്ക്, ജില്ല, ഗ്രാമപഞ്ചായത്ത് വിഹിതം മുഴുവനായി ലഭിക്കാത്ത ഗുണഭോക്താക്കൾ വീടുപണി പൂർത്തിയായവരുടെ കൂട്ടത്തിൽപ്പെട്ടിട്ടു .

Local Fund Audit Department

ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച മേൽ കണക്കു പ്രകാരം ആകെ 386 പേർ ഭവന നിർമ്മാണം പൂർത്തിയാക്കാതെ/പൂർത്തിയാക്കിയിട്ടും ധനസഹായം മുഴുവനായി കൈപ്പറ്റാതെ അവശേഷിക്കുന്നു. ഇത്രയധികം ഗുണഭോക്താക്കൾ ധനസഹായം ലഭിക്കാതെ അവശേഷിക്കുന്നതിനെ പറ്റി ഓഡിറ്റിൽ ആരാഞ്ഞതിൽ നിന്നും താഴെ കൊടുക്കുന്ന വസ്തുതകൾ വെളിപ്പെടുന്നു.

2010-11 വർഷം വരെ ഐ.എ.വൈ. ഭവന പദ്ധതിയിലൂടെയുള്ള ധനസഹായത്തിന്റെ നിരക്ക് ജനറൽ വിഭാഗത്തിന് 75,000 രൂപയും, എസ്.സി. വിഭാഗത്തിന് 1,00,000/-രൂപയുമാണ്. ഈ തുകയിൽ വിവിധ സ്ഥാപനങ്ങൾ വകയിരുത്തേ നിരക്ക് ചുവടെ ചേർക്കുന്നു.

| | **ജനറൽ വിഭാഗം** | **എസ്.സി. വിഭാഗം** |
|---|---|---|
| കേന്ദ്രവിഹിതം | 48,500രൂ. | 48,500രൂ. |
| ബ്ലോക്ക് വിഹിതം | 13,250രൂ. | 25,750രൂ. |
| ജില്ലാ പഞ്ചായത്ത് വിഹിതം | 6,625രൂ. | 12,875രൂ. |
| ഗ്രാമപഞ്ചായത്ത് വിഹിതം | 6,625രൂ. | 12,875രൂ. |
| **ആകെ** | **75,000രൂ.** | **1,00,000രൂ.** |

2011-12, 2012-13 വർഷങ്ങളിൽ ഈ ധനസഹായം ഉയർത്തി 2,00,000/-രൂപയാക്കുകയും, അവയ്ക്കായി വിവിധ സ്ഥാപനങ്ങൾ വകയിരുത്തേ ത് താഴെ കൊടുക്കുന്ന പ്രകാരവുമാണ്.

| **2011-12 വർഷത്തിൽ** | | **2012-13 വർഷത്തിൽ** | |
|---|---|---|---|
| കേന്ദ്രവിഹിതം | 48,500 | കേന്ദ്രവിഹിതം | 48,500 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 75,750 | സംസ്ഥാന വിഹിതം | 75,000 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 37,875 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 38,250 |
| ഗ്രാമപഞ്ചായത്ത് വിഹിതം | 37,875 | ജില്ലാ പഞ്ചായത്ത് വിഹിതം | 19,125 |
| | | ഗ്രാമപഞ്ചായത്ത് വിഹിതം | 19,125 |
| **ആകെ** | **2,00,000** | **ആകെ** | **2,00,000** |

2010-11 വർഷത്തിൽ മേൽ വിവരിച്ച നിരക്കിൽ ആകെ എഗ്രിമെന്റ് വെച്ച 439 പേർക്ക് വേ ി സമാഹരിക്കേ ിയിരുന്ന തുകയും, ലഭ്യമായതും, ലഭിക്കാൻ ബാക്കിയുള്ളതുമായ തുകയുടെ വിശദാംശം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയത് ഇപ്രകാരമാണ്.

Local Fund Audit Department

**ജനറൽ വിഭാഗം (394 പേർ)**

| ലഭിക്കേ ിയിരുന്ന തുക | | | | ലഭിച്ച തുക | | | | ലഭിക്കാൻ ബാക്കിയുള്ള തുക | | | |
|---|---|---|---|---|---|---|---|---|---|---|---|
| കേന്ദ്രവിഹിതം | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | ഗ്രാമപഞ്ചായത്ത് വിഹിതം | കേന്ദ്രവിഹിതം | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | ഗ്രാമപഞ്ചായത്ത് വിഹിതം | കേന്ദ്രവിഹിതം | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | ഗ്രാമപഞ്ചായത്ത് വിഹിതം |
| 19109000 | 5220500 | 2610250 | 2610250 | 7972082 (**) | 4823000 | 2610250 | 2610250 | 13319418 (**) | 304750 | : | : |
| എസ്.സി.45 പേർ 2182500 | 1158750 | 579375 | 579375 | : | 1158750 | (*) | (*) | | : | 103000 | 103000 |
| ആകെ | | | | | | | | 13319418 | 304750 | 103000 | 103000 |

മൊത്തം ലഭ്യമാക്കേ തുക = 1,38,30,168/-രൂപ
================

കേന്ദ്രവിഹിതം ലഭിച്ചത് വിഭാഗം തിരിച്ച് കാണിച്ചിട്ടില്ല. വിഭാഗത്തിനുമായി ലഭിച്ച ആകെ തുകയാണ്.

എസ്.സി വിഭാഗത്തിന് 2010-11 വർഷം ബ്ലോക്ക് പഞ്ചായത്തിന് എസ്.സി.പി ഫ ് ആവശ്യത്തിലധികം ഉ ായിരുന്നതിനാൽ ഗ്രാമ/ജില്ലാ പഞ്ചായത്തുകളിൽ നിന്ന് ഫ ് ആവശ്യപ്പെട്ടിരുന്നില്ല. പിന്നീട് ഫ ു ലഭ്യമല്ലാതെ വന്ന സാഹചര്യത്തിലാണ് ഫ ് ഗ്രാമ/ജില്ലാ പഞ്ചായത്തുകളിൽ നിന്ന് ആവശ്യപ്പെട്ടിട്ടുള്ളത്.

2011-12, 2012-13 വർഷങ്ങൾ യഥാക്രമം 299, 222 പേരാണ് ഈ പദ്ധതിക്കായി എഗ്രിമെന്റ് വച്ചിട്ടുള്ളത്. ഇവർക്കായി സമാഹരിക്കേ ിയിരുന്ന തുകയുടേയും, ലഭിച്ചതും, ബാക്കിയുള്ളതുമായ തുകയുടേയും വിശദാംശം താഴെ കൊടുക്കുന്ന പ്രകാരമാണ്.

| | ലഭിക്കേ ിയിരുന്നത് | | | | ലഭിച്ച തുക | | | | ബാക്കിയുള്ള തുക | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | കേന്ദ്രം | ബ്ലോക്ക് | ജില്ല | ഗ്രാമം | കേന്ദ്രം | ബ്ലോക്ക് | ജില്ല | ഗ്രാമം | കേന്ദ്രം | ബ്ലോക്ക് | ജില്ല | ഗ്രാമം |
| 2011-12 | 14501500 | 22649250 | 11324625 | 11324625 | 13683040 | 9536900 | 722875 | 10085750 | 818460 | 13112350 | 10601750 | 1238875 |
| 2012-13 | 10767000 | 8491500 | 4245750 | 4245750 | 9766600 | - | 3691125 | 2051875 | 1000400 | 8491500 | 554625 | 2193875 |
| | | | | | | | | ആകെ | 1818860 | 21603850 | 4156375 | 3432750 |

മൊത്തം ലഭ്യമാക്കേ തുക - 3,80,11,835/രൂപ

Local Fund Audit Department

2012-13 വര്‍ഷം 75,000 രൂപ വീതം സംസ്ഥാന സര്‍ക്കാരിന്റെ സഹായം ഉ   ാകുമെന്ന് നിര്‍ദ്ദേശ മു   ായിരുന്നെങ്കിലും തന്‍വര്‍ഷം ആകെ 21,28,500/-രൂപ മാത്രമാണ് ലഭിച്ചിട്ടുള്ളത്. (ലഭ്യമാകേ   ിയിരുന്ന തുക 1,66,50,000). ബാക്കി തുക സമാഹരിക്കേ   തെങ്ങനെയെന്നതിനെപ്പറ്റി ഇതുവരെ നിര്‍ദ്ദേശം ലഭിച്ചിട്ടുമില്ല. (ഈ തുക മുകളിലെ കണക്കില്‍ ഉള്‍പ്പെട്ടിട്ടില്ല.)

മേല്‍ കണക്കുകളില്‍ നിന്നും 2010-11 മുതല്‍ 2012-13 വരെയുള്ള മൂന്നു വര്‍ഷങ്ങളിലായി (2009-10 ഉം പിന്നോട്ടുമുള്ള വര്‍ഷങ്ങളിലെ കണക്കുകള്‍ വ്യക്തമല്ല.) മാത്രം ആകെ 6,63,63,503/- രൂപ ധനസഹായമായി നല്‍കാന്‍ ബാക്കിയു   ്.

| | |
|---|---:|
| 2010-11 | 1,38,30,168 |
| 2011-12, 2012-13 | 3,80,11,835 |
| 2012-13 വര്‍ഷം സംസ്ഥാന വിഹിതം ലഭിക്കാനുള്ളത് | 1,45,21,500 |
| **ആകെ** | **6,63,63,503** |

ഇത്രയും വലിയ തുകയുടെ ബാദ്ധ്യത ബ്ലോക്ക് പഞ്ചായത്തിന് ഉ   ായിരിക്കുന്നത് ആശങ്കാജനകമാണ്. ഇതു സംബന്ധിച്ച് ഭരണസമിതി വിശദമായി പരിശോധിക്കേ   തും ആവശ്യമായ നടപടികള്‍ സ്വീകരിക്കേ   തുമാണ്.

കോഴിക്കോട് ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തില്‍ നിന്നും ലഭ്യമായ രേഖകള്‍ പ്രകാരം 2010-11 വര്‍ഷത്തില്‍ കോഴിക്കോട് ബ്ലോക്ക് പഞ്ചായത്തിന് നിശ്ചയിച്ചു കൊടുത്തിരിക്കുന്ന ടാര്‍ജറ്റ് 167 പേരാണ്. എന്നാല്‍ തന്‍വര്‍ഷം 439 പേരുമായി ബ്ലോക്ക് പഞ്ചായത്ത് കരാറില്‍ ഏര്‍പെട്ടിട്ടു   ്.
2010-11 വര്‍ഷത്തില്‍ ബ്ലോക്ക് പഞ്ചായത്തിന് കേന്ദ്രവിഹിതമിനത്തില്‍ ലഭിച്ചിട്ടുള്ളത് 79,72,082/-രൂപയാണ്. (48500 വീതം 164 പേര്‍ക്ക്). 31.5.2013 ലെ കണക്കു പ്രകാരം 2010-11 വര്‍ഷത്തില്‍ എഗ്രിമെന്റ് വെച്ച 439 പേരില്‍ 390 പേര്‍ ഭവനനിര്‍മ്മാണം പൂര്‍ത്തീകരിച്ചിട്ടു   ്. 167 പേര്‍ക്ക് മാത്രം ഐ.എ.വൈ. ലക്ഷ്യം നല്‍കിയെന്നിരിക്കെ, 439 പേരുമായി കരാറിലേര്‍പ്പെട്ടത് വിശദീകരിക്കേ   താണ്. ഇവര്‍ക്കായി നല്‍കിയ തുക ഏത് വിധത്തില്‍ ബ്ലോക്ക് പഞ്ചായത്ത് ക   ത്തി എന്നും വിശദീകരിക്കേ   താണ്. 2011-12, 2012-13 വര്‍ഷങ്ങളില്‍ എഗ്രിമെന്റ് വച്ച ഗുണഭോക്താക്കള്‍ക്കായി അനുവദിച്ച തുക 2010-11 ലെ ഗുണഭോക്താക്കള്‍ക്കായി വിനിയോഗിച്ചിട്ടു   ാ എന്ന് ഉറപ്പുവരുത്തേ   തും ഉ   ങ്കില്‍ തുടര്‍വര്‍ഷങ്ങളിലെ ഗുണഭോക്താക്കള്‍ക്ക് വേ   തുക ക   ത്തുന്നതെങ്ങനെ എന്നും വിശദീകരിക്കേ   താണ്.

## <u>ഭാഗം - 4</u>
## <u>ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും</u>

### 4-1) **<u>സാമ്പത്തികനില</u>** :

ബ്ലോക്ക് പഞ്ചായത്തിന്റെ 2011-12 വര്‍ഷത്തില്‍ വിവിധ ഫ   ിനങ്ങളിലുള്ള നീക്കിയിരിപ്പു തുകകളുടെ കൃത്യമായ വിവരം ശേഖരിക്കാനായിട്ടില്ല. ഓഡിറ്റിനായി സമര്‍പ്പിച്ച വാര്‍ഷിക കണക്കിലേയും, പഞ്ചായത്തിലെ അക്കൗ   ് രജിസ്റ്ററിലേയും, സ്റ്റേറ്റ് ഫിനാന്‍ഷ്യല്‍ കമ്മീഷന് നല്‍കിയ ധനവിനിയോഗ വിവരങ്ങളിലേയും തുകകള്‍ തമ്മില്‍ യാതൊരു രീതിയിലും പൊരുത്തപ്പെടുന്നില്ല. ആയത് ക്രമപ്പെടുത്തി ഓഡിറ്റില്‍ സമര്‍പ്പിക്കേ   താണ്.

### <u>4-2(ബി)സ്ഥിര നിക്ഷേപങ്ങള്‍ ഇന്‍വെസ്റ്റ്മെന്റുകള്‍</u>

-ഇല്ല-

Local Fund Audit Department

## 4-3 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

## 4-4: ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2010-11 വർഷം ലഭിച്ച 12,985/- രൂപയുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | തിരികെ ഈടാക്കിയ തുക | | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ/ തീയതി | ചെലാൻ നമ്പർ/ തീയതി | ഏതു ഫ ിൽ തിരിച്ചടച്ചു |
|---|---|---|---|---|---|---|---|
| | | വരവ് നഷ്ടം | ചെലവ് നഷ്ടം | | | | |
| 2004 | 3-9 | | 12,985 | ജോയ് ജോൺ, റിട്ട.എ.ഇ | 11102100015/28.12.11 | ചെക്ക് നം:953424/9.2.12 | എസ്.ജി.എസ്.വൈ(ഡി.ആർ.ഡി.എ.യ്ക്ക് നൽകി) |

## 4-5: ഓഡിറ്റ് പ്രത്യവലോകനം

### എ) സംക്ഷിപ്ത വിവരം

| | 2011-12 | വാർഷിക കണക്കുകൾ പ്രകാരം |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 97359402 | |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 80278021 | |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 34061 | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,14,64,777 | |

### ബി) പഞ്ചായത്ത് ഫ ിനു ായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-5 | - | 34061 | ശ്രീ.മധുസൂദനൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

### സി)തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തടസ്സപ്പെടുത്തിയ തുക |
|---|---|
| 3-4 | 66,74,000 |
| 3-7 | 2,15,000 |
| 3-8 | 781952 |
| 3-9 | 37,93,825 |
| 3-13 | |
| ആകെ | 1,14,64,777/ |

### ഡി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കു ായ നഷ്ടത്തിന്റെ വിവരം

--ഇല്ല --

### ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല --

### എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ മധുസൂദനൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | ജയലക്ഷ്മി, പൂവ്വാട്ടുപറമ്പ് പി.ഒ കോഴിക്കോട്-8 ഫോൺ-9447333540. |

Local Fund Audit Department

**ജി) ഓഡിറ്റ് സംഗ്രഹം**

**ഓഡിറ്റ് എൻക്വയറികൾക്കുള്ള മറുപടി**

| ആകെ നൽകിയ ഓഡിറ്റ് എൻക്വയറികൾ | മറുപടി ലഭ്യമാക്കിയത് | മറുപടി ലഭ്യമാക്കാത്തത് |
|---|---|---|
| 18 | 13 | 05 |

## 4-6: തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1995-96, 96-97, 97-98 | നം.എൽ.എഫ്.പി1/926/11 തീ: 20.01.12 | 10 |
| 1998-99 | നം.എൽ.എഫ്.എസ്1/245/00 തീ: 06.06.00 | 22 |
| 1999-2000 | നം.എൽ.എഫ്.പി7/927/11 തീ: 20.01.12 | 06 |
| 2000-01 | നം.എൽ.എഫ്.പി7/159/11 തീ: 20.01.12 | 07 |
| 2001-02 | നം.എൽ.എഫ്.പി7/928/11 തീ: 20.01.12 | 13 |
| 2002-03 | നം.എൽ.എഫ്.പി7/190/11 തീ: 20.01.12 | 15 |
| 2003-04 | നം.എൽ.എഫ്.പി7/154/12 തീ: 20.01.12 | 19 |
| 2004-05 | നം.എൽ.എഫ്.കെ.കെ.ഡി.പി7/1031/09തീ: 17.07.12 | 07 |
| 2005-06 | നം.എൽ.എഫ്.കെ.കെ.ഡി.എസ്2/1385/08 തീ: 06.02.09 | 18 |
| 2006-07 | നം.എൽ.എഫ്.കെ.കെ.ഡി.പി7/929/11 തീ: 14.02.12 | 11 |
| 2007-08 | നം.എൽ.എഫ്.കെ.കെ.ഡി.പി7/246/12 തീ: 17.07.12 | 12 |
| 2008-09 | നം.എൽ.എഫ്.കെ.കെ.ഡി.പി7/245/12 തീ: 17.07.12 | 12 |
| 2009-10 | നം.എൽ.എഫ്.കെ.കെ.ഡി.പി7/1950/12 തീ: 06.02.13 | 10 |
| 2010-11 | നം.എൽ.എഫ്.കെ.കെ.ഡി.പി7/218/13 തീ: 04.06.13 | 09 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേ താണ്.

## 4-8)ചാർജ്ജ്-സർച്ചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

**എ)ചാർജ്ജ്-സർച്ചാർജ്ജ് നോട്ടീസ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ അടവാക്കിയ തുകയുടെ വിവരം**

-ലഭ്യമല്ല-

**ബി) ചാർജ്ജ് സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ അടവാക്കിയ-ഈടാക്കിയ തുകയുടെ വിവരം:**

-ലഭ്യമല്ല-

**സീനിയർ ഡപ്യൂട്ടി ഡയറക്ടർ**
**കോഴിക്കോട് ജില്ല.**

Local Fund Audit Department

## ഓഡിറ്റ് സർട്ടിഫിക്കറ്റ്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4–ാം വകുപ്പും 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215 ാം വകുപ്പും അനുസരിച്ച് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും **കോഴിക്കോട്** ബ്ളോക്ക് പഞ്ചായത്തിന്റെ 2011–12 ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ 2–1 ഖണ്ഡികയിൽ വിശദീകരിച്ചിട്ടുള്ള കാരണത്താൽ എനിക്ക് പഞ്ചായത്തിന്റെ വരവ് ചെലവ് പൂർണ്ണമായി പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഇക്കാര്യമൊഴികെ എന്റെ അഭിപ്രായത്തിൽ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് കണക്ക് **കോഴിക്കോട്** ബ്ളോക്ക് പഞ്ചായത്തിന്റെ 2011–12 ലെ വരവ് ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215–ാം വകുപ്പും 2003 ജൂൺ 12–ാം തീയതിയിലെ ജി.ഒ.(പി) 319/2003/ഫിൻ നമ്പർ സർക്കാർ ഉത്തരവും അനുസരിച്ചാണ്.

സീനിയർ ഡപ്യൂട്ടി ഡയറക്ടർ.
കോഴിക്കോട്.

യു.സി

Local Fund Audit Department

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

എൽ.എഫ്.കെ.കെ.ഡി. പി7/ 914/2013 .

ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ
ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
സിവിൽ സ്റ്റേഷൻ, കോഴിക്കോട് ജില്ല.
തീയതി: 19.10.2013.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കോഴിക്കോട്

സെക്രട്ടറി
കോഴിക്കോട് ബ്ളോക്ക് പഞ്ചായത്ത്

വിഷയം: **കോഴിക്കോട് ബ്ളോക്ക്** പഞ്ചായത്തിന്റെ **2011-12** സാമ്പത്തിക വർഷ ങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**************

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **കോഴിക്കോട് ബ്ളോക്ക്** പഞ്ചായത്തിന്റെ **2011-12** എന്നീ സാമ്പത്തിക വർഷങ്ങളിലെ വരവു ചെലവു കണക്കുകളുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം - 3 ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുക ൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ട താണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റേയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റേയും പകർപ്പ് പൊതുജന ശ്രദ്ധക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.(1997 ലെ കേരളാ പഞ്ചായത്ത് രാജ് - പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും -ചട്ടങ്ങൾ 14,15)

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശ ങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയതു സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റു നിയമം സെക്ഷൻ 15(1) ചട്ടം 20,23 1997 ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1),(2) എന്നിവ കാണുക.

വിശ്വസ്തതയോടെ

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്

1. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ, കോഴിക്കോട്
3. കാര്യാലയ പ്രതി

യു.സി

Local Fund Audit Department

Local Fund Audit Department